# പാഠം – 8

# സൃഷ്ടാവിനെ ആരാധിക്കുക

**ശബ്ബത്ത് സായാഹ്നം** **മെയ് 19**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** വെളി. 14:6,7; മത്താ.24:14; ഗലാ. 3:22; ലൂക്കോ.23:32–43; ഉൽ. 22:12; വെളി. 14:8–12.

**മനഃപാഠവാക്യം: "വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട് അറിയിക്കാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു" (വെളി. 14:6).**

സെവൻത് ഡേ അഡ്വന്റിസ്റ്റ് ക്രൈസ്തവർ "ലഭിച്ച സത്യം" (2 പത്രൊ.1:12) എന്ന ദൈവവചന ആശയത്തിൽ വിശ്വസിക്കുന്നു. ദൈവം കാലാകാലങ്ങളിൽ മേൽക്കുമേൽ വെളിച്ചത്തോടെ മനുഷ്യർക്കു സത്യം വെളിപ്പെടുത്തുന്നു എന്നതാണ് അത്. സ്ത്രീയുടെ ഉദരഫലത്തിലൂടെ പ്രത്യാശ വരുമെന്ന് വീണുപോയ ജോഡികൾക്ക് ഉല്. 3:15–ൽ വെളിപ്പെടുത്തിയത് ആദ്യ ദൈവവചന വാഗ്ദത്തം. അബ്രഹാം, "വലിയതും ബലമുള്ളതുമായ ജാതിയായി തീരുകയും അവനിൽ ഭൂമിയിലെ ജാതികളൊക്കെയും അനുഗ്രഹിക്കപ്പെടും" (ഉല്. 18:18) എന്നത് ദൈവീക വാഗ്ദത്തത്തിന്റെ പൂർണ്ണ വെളിപ്പെടുത്തലാണ്. "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിക്കുവാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നത്" എന്നു പ്രഖ്യാപിച്ച, ക്രിസ്തുവിന്റെ വരവ് തീർച്ചയായും ഇതിലുമൊക്കെ വലിയ വേദപുസ്തക സത്യത്തിന്റെ വെളിപ്പെടുത്തലാണ്.

ക്രിസ്ത്യാനികളെന്ന നിലയിൽ പ്രത്യാശകളുടെ പൂർത്തീകരണവും ക്രിസ്തുവിന്റെ വരവുമടുത്തിരിക്കുന്ന നാളിൽ, വെളിപ്പാട് 14:6–12–ലെ മൂന്ന് ദൂതന്മാരുടെ സന്ദേശമാണ് "ലഭിച്ച സത്യം" എന്ന് നമ്മൾ വിശ്വസിക്കുന്നു.

ഈയാഴ്ച, ആദ്യ ദൂതന്റെ സന്ദേശം ശ്രദ്ധിക്കാം. കാരണം അന്ത്യകാല ദുരിതമദ്ധ്യേ വിശ്വസ്തരായിരിക്കാൻ വാഞ്ചിക്കുന്നവർക്ക് നിർണ്ണായക സത്യങ്ങൾ അതിലുണ്ട്.

*☞ഈയാഴ്ചയിലെ പാഠം പഠിച്ച് മെയ് 26–ലെ ശബ്ബത്തിനായി ഒരുങ്ങുക.*

**ഞായർ** **മെയ് 20**

## സുവിശേഷത്തിന്റെ സാർവ്വത്രികത

**വെളിപ്പാട് 14:6, മത്തായി 24:14, 28:19 വായിക്കുക. സമാനമായ എന്ത് വിഷയമാണ് ഈ വാക്യങ്ങളിലുള്ളത്? ഒരു സഭയെന്ന നിലയിൽ ദൂതറിയിക്കലും സാക്ഷ്യവും എത്രമാത്രം പ്രധാനമാണെന്ന് ഈ വാക്യങ്ങൾ മനസ്സിലാക്കിത്തരുന്നു?**

അന്ത്യകാല പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ, ആദ്യ ദൂതന്റെ സന്ദേശം ഒരർത്ഥത്തിൽ ഒരു വലിയ ഭരമേൽപ്പിക്കലാണ് (മത്താ. 28:19). ഒരുപക്ഷേ, അത് "ലഭിച്ച സത്യം" ആണ്. ഈ മൂന്നു വാക്യങ്ങളും ഊന്നുന്നത് സർവ്വലോകത്തോടും ദൂതറിയിക്കുക എന്നതാണ്. അതായത്, "സകല രാഷ്ട്രങ്ങളോടും", സകല "ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട്". മറ്റൊരു രീതിയിൽ ഇത് സാർവ്വത്രിക ദൂതാണ്. ഓരോ വ്യക്തിയും അത് ശ്രവിക്കണം.

**ഗലാത്യർ 3:22 വായിക്കുക. സർവ്വലോകവും സുവിശേഷം ശ്രവിക്കണം. ഇതു മനസ്സിലാക്കുവാൻ തക്ക എന്താണ് ഈ വാക്യം പറയുന്നത്?**

പാപത്തിന്റെ സാർവ്വത്രികത നമ്മുടെ ദൗത്യത്തിന്റെയും വിളിയുടെയും സാർവ്വത്രികതയെ വിശദീകരിക്കുന്നു. "സകല ജാതിയും ഗോത്രവും ഭാഷയും വംശവും" തെറ്റു ചെയ്തു, ദൈവകൽപന ലംഘിച്ചു, "പാപത്തിൻ കീഴിലായി". ഏദനിൽ ആദമിന്റെ വീഴ്ച ഓരോ മനുഷ്യനെയും ബാധിച്ചു; ഒരു രാഷ്ട്രമോ ജാതിയോ ജനമോ അതിനെതിരെ പ്രതിരോധശക്തി നേടിയിട്ടില്ല. പാപത്തിന്റെ തൽക്ഷണ പരിണതഫലങ്ങൾ ഓരോരുത്തരും നേരിടണം. അതിനൊരു പ്രതിവിധി നൽകപ്പെട്ടില്ലായിരുന്നുവെങ്കിൽ എല്ലാവരും അന്തിമഫലം അനുഭവിക്കേണ്ടതായിരുന്നു: നിത്യമരണം.

ആ പ്രതിവിധി തീർച്ചയായും നൽകപ്പെട്ടു: പാപമെന്ന പ്രശ്നത്തിന് ഒരേയൊരു പരിഹാരമായ യേശുക്രിസ്തുവിന്റെ ജീവിതം, മരണം, ഉത്ഥാനം, സ്വർഗ്ഗീയ സമാഗമനകൂടാര ശുശ്രൂഷ. ഏവർക്കും യേശുക്രിസ്തുവിലൂടെ ദൈവം വാഗ്ദാനം ചെയ്ത വലിയ പ്രത്യാശ എന്തെന്ന് എല്ലാവരും അറിയണം. അതുകൊണ്ടാണ് സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ ലോകം മുഴുവൻ പോയി ഇന്നുവരെ യേശുക്രിസ്തുവിന്റെ ദൂത് കേട്ടിട്ടില്ലാത്തവരെ തേടികണ്ടുപിടിച്ച് അറിയിക്കുന്നത്.

**ദൈവവചന പ്രചരണ വേല ചെയ്യുന്നവർക്ക് അത് വലിയ ആത്മീയ അനുഗ്രഹമായി മാറുന്നത് എന്തുകൊണ്ട്? അതായത് സുവിശേഷവുമായി മറ്റുള്ളവരെ തേടുന്നത് യേശുവിന്റെ വീണ്ടും വരവിന്റെ ഒരുക്കത്തിന് ഏറ്റവും നല്ല മാർഗ്ഗമാകുന്നത് എങ്ങനെ?**

**തിങ്കൾ** **മെയ് 21**

## ക്രൂശിലെ കള്ളനും "നിത്യസുവിശേഷവും"

വെളിപ്പാട് 14:6-ൽ, ലോകത്തോടുള്ള ദൂതാണ് "നിത്യസുവിശേഷം". ആർക്കും ഒരു പ്രത്യാശയും വാഗ്ദാനം ചെയ്യാനില്ലാത്ത ലോകത്തിൽ എല്ലാവർക്കുമുള്ള പ്രത്യാശയുടെ ദൂത്.

**ലൂക്കോ.23:32-43 വായിക്കുക. സർവ്വ പാപികൾക്കും "നിത്യസുവിശേഷത്തിന്റെ" വലിയ പ്രത്യാശ ഈ കഥയിലൂടെ എങ്ങനെ വെളിവാകുന്നു?**

കള്ളനെക്കുറിച്ച് എഴുതുമ്പോൾ എലൻ ജി. വൈറ്റ് ഇങ്ങനെ പറയുന്നു, അവൻ അത്ര ദൃഢമായ കുറ്റവാസനയുള്ളവനായിരുന്നില്ല. യേശുവിന്റെ പഠിപ്പിക്കലുകൾ കേട്ട് അവന് കുറ്റബോധം തോന്നിയിരുന്നു. എന്നാൽ പുരോഹിതന്മാരും ഭരണാധികാരികളും അവനെ യേശുവിൽ നിന്ന് തിരിച്ചുകളഞ്ഞു. "ശ്വാസം മുട്ടിക്കുന്ന കുറ്റബോധത്തിൽ നിന്ന് ഓടിയൊളിക്കാൻ ശ്രമിച്ച് അവൻ കൂടുതൽ ആഴത്തിൽ പാപത്തിലേക്ക് വീണു. ഒടുവിൽ പിടിയിലായി, കുറ്റവിചാരണ നടന്നു, കുരിശിൽ തറച്ച് കൊല്ലുവാനും വിധിച്ചു." - *എലൻ ജി വൈറ്റ്, "ദി ഡിസയർ ഓഫ് ഏജസ്", പേജ് 749.*

എന്നിട്ടോ, അവനെന്തു സംഭവിച്ചു? കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ കള്ളന് യേശുവിനെക്കുറിച്ച് സൂചന ലഭിച്ചു, അവൻ അപേക്ഷിച്ചു: "കർത്താവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ" (ലൂക്കോ. 23:42).

അതിന് യേശു എങ്ങനെ പ്രതികരിച്ചു? അവൻ ഇങ്ങനെയാണോ പറഞ്ഞത്: *നോക്കൂ സുഹൃത്തേ, എനിക്ക് നിന്നെ സഹായിക്കണമെന്നുണ്ട്, പക്ഷെ നീ കൂടുതൽ ആഴത്തിൽ പാപത്തിലേക്കു വീണുകൊണ്ട് നിനക്കുണ്ടായ കുറ്റബോധത്തെ ഞെരുക്കിക്കളഞ്ഞതെന്തേ?* യേശു തന്റെ മുൻകാല പ്രഭാഷണങ്ങളേതെങ്കിലും ഉദ്ധരിച്ചോ: "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്താ.5:20)? കള്ളന്റെ മുൻകാല തെറ്റുകളെന്തെങ്കിലും യേശു എടുത്തു പറഞ്ഞോ?

ഇല്ല. പകരം, യേശുവിനെതിരെ പിറുപിറുത്ത, നേരും നെറിയുമില്ലാത്ത സ്വഭാവദോഷിയായ കള്ളനെ യേശു നോക്കി. (മത്താ. 7:24). അവനെ ഒരു പുതിയ മനുഷ്യനായി കണ്ട് യേശു ഇങ്ങനെ പറഞ്ഞു: "നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു." (ലൂക്കോ. 23:43).

ഇവിടെയാണ് "നിത്യസുവിശേഷം". ആദ്യ ദൂതന്റെ സന്ദേശത്തിന്റെ അടിത്തറ. ഈ സത്യമില്ലാതെ കൽപനയെക്കുറിച്ചും ശബ്ബത്തിനെക്കുറിച്ചും മരിച്ചവരെക്കുറിച്ചുമൊക്കെ പഠിപ്പിക്കുന്ന കാര്യങ്ങൾ അപ്രസക്തമായിപ്പോകും. ഈ പഠിപ്പിക്കലുകളുടെയെല്ലാം ഹൃദയഭാഗത്ത് "നിത്യസുവിശേഷം" ഇല്ലാതിരുന്നാൽ അവ എന്തിനു കൊള്ളാം?

**ഈ കഥയിൽ നിന്ന് എന്ത് പ്രത്യാശ ലഭിക്കും?**

ചൊവ്വ മെയ് 22

## ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പീൻ

സർവ്വലോകത്തിനുമുള്ള “നിത്യസുവിശേഷ” പ്രഖ്യാപനത്തിനുശേഷം, ആദ്യ ദൂതന്റെ സന്ദേശം പിന്നെ ഈ ദൂതാണ് സവിസ്തരിക്കുന്നത്. “നിത്യ സുവിശേഷ”ത്തെക്കുറിച്ച് പറയുമ്പോൾ, ഈ സുവിശേഷദൂതിന്റെ ഭാഗ മായ സത്യങ്ങളും ഇപ്പോളിതിലുൾപ്പെടുത്തണം. മറ്റൊരു വിധത്തിൽ പറ ഞ്ഞാൽ, അന്ത്യകാലത്തിനായി “ലഭിച്ച സത്യത്തിൽ” വെളിപ്പാട് 14:7–ഉം ഉൾപ്പെടുന്നു.

**വെളിപ്പാട് 14:7 വായിക്കുക. ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടു ക്കുക എന്നത് എന്തർത്ഥമാക്കുന്നു? നമ്മളെങ്ങനെ അതു ചെയ്യും? ഈ ആശയങ്ങൾ സുവിശേഷവുമായി എങ്ങനെ ഒത്തുപോകും?**

ദൈവത്തെ ഭയപ്പെടുന്നതും അവന് മഹത്വം കൊടുക്കുന്നതും ബന്ധ മില്ലാത്ത കാര്യങ്ങളല്ല. ദൈവവചന അടിസ്ഥാനത്തിൽ ദൈവത്തെ ഭയ പ്പെടുന്നുവെങ്കിൽ നമ്മൾ തീർച്ചയായും ദൈവത്തിനു മഹത്വം കൊടുക്കും. ഒന്ന് നേരിട്ട് മറ്റൊന്നിലേക്കു നയിക്കും.

**ഈ വാക്യങ്ങൾ വായിക്കുക. “ദൈവത്തെ ഭയപ്പെടുക” എന്നു വച്ചാൽ ഇവ എന്ത് മനസ്സിലാക്കിത്തരുന്നു? അവന് മഹത്വം കൊടുക്കുന്നതുമായി അതിനെ എങ്ങനെ ബന്ധപ്പെടുത്തുന്നു?** ഉൽ. 22:12, പുറ. 20:20, ഇയ്യോ.1:9, സഭാ. 12:13, മത്താ. 5:16.

മേൽപ്പറഞ്ഞ വാക്യങ്ങളിൽ, ദൈവത്തെ ഭയപ്പെടുകയെന്നത് അവനെ അനുസരിക്കുന്നതുമായി ബന്ധിപ്പിച്ചിരിക്കുന്നു. എപ്പോൾ ദൈവത്തെ അനു സരിക്കുന്നുവോ, ശരിയായത് ചെയ്യുന്നുവോ, അപ്പോൾ അവന് മഹത്വം കൊണ്ടുവരുന്നു. ദൈവത്തെ ഭയപ്പെടുക എന്നത് ഭയഭക്തിബഹുമാനം മൂലവും അതിലും ആഴത്തിലും പോകേണ്ടതാണ്. ദൈവത്തെ ഭയപ്പെടു വാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നമ്മൾ വീണുപോയവരാണ്. പാപിക ളാണ്. മരണദണ്ഡന അർഹിക്കുന്നവരാണ്. ചെയ്ത പ്രവൃത്തികളുടെ തിന്മ ഞെട്ടലോടെ തിരിച്ചറിയുന്ന നിമിഷങ്ങൾ ആർക്കാണ് ഉണ്ടാകാത്തത്? ആ പ്രവർത്തികൾക്ക് നല്ലവനും നീതിമാനുമായ ദൈവത്തിന്റെ കയ്യിൽ നിന്ന് എന്താവും ലഭിക്കുക? ദൈവത്തെ ഭയപ്പെടുക എന്നാൽ ഇതാണ്. ഈ ഭയമാണ് ആദ്യം നമ്മെ പാപമോചനത്തിനായി ക്രൂശിൻചുവട്ടിലേക്കു നയിക്കുന്നത്. കുരിശിനുവേണ്ടി അല്ലായിരുന്നുവെങ്കിൽ ആത്മാക്കളെ നഷ്ട മാക്കുന്ന തിന്മ കഴുകിക്കളയാനുള്ള ശക്തി ദൈവത്തിൽ നിന്നാർജ്ജിക്കു കയാണ് രണ്ടാമത്തേത്. (കാണുക മത്താ.10:28).

**ദൈവത്തെ ഭയപ്പെടുന്നതിൽ സ്വന്തം അനുഭവമെന്ത്? ഭയം നല്ലവണ്ണം ഉണ്ടെങ്കിൽ അത് എങ്ങനെ ആത്മീയമായി സഹായിക്കും? വിശ്വാസത്തെ തീവ്രമായെടുക്കുവാനും ദൈവം ആവശ്യപ്പെടുന്നത് ചെയ്യുവാനും അത് എപ്രകാരം സഹായിക്കും?**

**ബുധൻ** **മെയ് 23**

## അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു

ആദ്യ ദൂതന്റെ സന്ദേശത്തിൽ ദൈവത്തെ ഭയപ്പെട്ടു മഹത്വം കൊടുക്കുക എന്നത് ന്യായവിധിയുമായി ബന്ധപ്പെട്ടിരിക്കുന്നു (വെളി. 14:7). ബൈബിളിൽ ഏതെങ്കിലും പഠിപ്പിക്കലിന് സ്പഷ്ടതയുണ്ടെങ്കിൽ, അത് ദൈവം നീതിയുടേയും ന്യായവിധിയുടേയും ദൈവമാണെന്നതാണ്. ഒരിക്കൽ ഈ ഭൂമിയിൽ ഇല്ലാതായ നീതിയും ന്യായവിധിയും കടന്നുവരിക തന്നെ ചെയ്യും.

ജനം ദൈവത്തെ ഭയപ്പെടണം എന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

അതുകൊണ്ടാണ് "നിത്യസുവിശേഷം" ന്യായവിധിയുടെ കൂടി യാഥാർത്ഥ്യം ഉൾപ്പെടുത്തുന്നത്. ഈ രണ്ടു ഘടകങ്ങളും തമ്മിലെന്തു ബന്ധം? സുവിശേഷം എന്നത് "സദ്വാർത്ത" ആണെങ്കിൽ, ഇതർത്ഥമാക്കുന്നത്, നമ്മളൊക്കെ ദൈവകൽപനാ ലംഘികളും പാപികളുമാണെങ്കിലും അന്ത്യവിധിനാൾ വരുമ്പോൾ, ക്രൂശിലെ കള്ളനെപ്പോലെ, ഒരിക്കലും നമ്മുടെ പാപത്തിന്റെയും കൽപനാ ലംഘനത്തിന്റെയും ഫലമായ ശിക്ഷയും പിഴയും ഏൽക്കേണ്ടി വരില്ല എന്നതാണ്.

**തുടർന്നുള്ള വാക്യങ്ങൾ വായിക്കുക, എന്നിട്ട് സ്വന്തം കഴിവിൽ നിന്നാൽ എത്രത്തോളം ശരിയാകുമെന്ന് സ്വയം ചോദിക്കുക?** മത്താ. 12:36, സഭാ. 12:14, റോമ. 2:6, 1 കൊരി.4:5.

നമ്മുടെ തലയിലെ മുടികളുടെ എണ്ണം അറിയുന്ന ദൈവമാണ് ഭൂമിയെ വിധിക്കുവാൻ വരുന്നത്. അതുകൊണ്ടാണ് കൃത്യമായും "നിത്യസുവിശേഷം" ഏറ്റവും വലിയ സദ്വർത്തമാനമാകുന്നത്. ന്യായവിധി വരും, പക്ഷെ യേശുവിന്റെ നാമത്തിൽ കഴുകി ശുദ്ധീകരിച്ച നീതീകരിക്കപ്പെട്ട വിശ്വസ്തരായ അനുയായികൾക്ക് യാതൊരു ശിക്ഷാവിധിയുമില്ല. (കാണുക 1 കൊരി. 6:11). കാരണം യേശുക്രിസ്തുവാണ് അവരുടെ നീതി. ആ നീതിയാണ് അവരെ ന്യായവിധിയിൽ നിന്നു രക്ഷിക്കുന്നത്.

"മനുഷ്യന് ഈ കുറ്റാരോപണങ്ങളെ ഒറ്റയ്ക്ക് നേരിടാനാവില്ല. അവൻ പാപക്കറ നിറഞ്ഞ വസ്ത്രത്തിൽ, കുറ്റം ഏറ്റുപറഞ്ഞുകൊണ്ട്, ദൈവമുമ്പിൽ നിൽക്കുന്നു. എന്നാൽ യേശു, നമ്മുടെ അഭിഭാഷകൻ, മാനസാന്തരത്താലും വിശ്വാസത്താലും ആത്മാക്കളെ അവങ്കലേൽപ്പിച്ചവർക്കുവേണ്ടി

ശക്തിയുക്തം വാദിക്കുന്നു. അവൻ അവർക്കു വേണ്ടി കാൽവരിയുടെ ശക്തിയുള്ള വാദമുഖങ്ങളാൽ അവരെ കുറ്റമാരോപിക്കുന്നവനെ ജയിക്കുന്നു. കുരിശിലെ മരണത്തോളവും, ദൈവകൽപനയോടുള്ള സമ്പൂർണ്ണ അനുസരണം നിമിത്തം ഭൂമിയിലും സ്വർഗ്ഗത്തിലും അവന് സകല അധികാരവും നൽകപ്പെട്ടിരിക്കുന്നു. പിതാവിനോട് അവൻ കരുണയും പാപികൾക്ക് അനുരഞ്ജനവും അവകാശപ്പെടുന്നു." - *എലൻ ജി. വൈറ്റ്, "ടെസ്റ്റിമണീസ് ഫോർ ദി ചർച്ച്", വാല്യം 5, പേജ് 471.*

**ന്യായവിധിയുടെ യാഥാർത്ഥ്യം പാപമോചനത്തിന്റെ അത്യന്താപേക്ഷ്യതയെക്കുറിച്ച് എന്തു പഠിപ്പിക്കുന്നു? ദൈവം യേശുക്രിസ്തുവിലൂടെ തരുന്ന ദയയും പാപമോചനവും നിങ്ങളോടു തെറ്റുചെയ്തവർക്ക് എങ്ങനെ കൊടുക്കാനാകും?**

**വ്യാഴം** **മെയ് 24**

### ആകാശവും ഭൂമിയും ഉണ്ടാക്കിയവനെ ആരാധിക്കുക

**വെളിപ്പാട് 14:6,7 വീണ്ടും വായിക്കുക. ആദ്യ ദൂതന്റെ സന്ദേശത്തിലെ സവിശേഷ ഘടകങ്ങൾ എന്തൊക്കെ, അവ ഓരോന്നും എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു?**

സുവിശേഷത്തിനൊപ്പം, ലോകത്തോടു സാക്ഷ്യം പറയുക, ദൈവത്തെ ഭയപ്പെടുക, അവന് മഹത്വം കൊടുക്കുക എന്നിവ കൂടാതെ ദൈവത്തെ സൃഷ്ടാവായി ആരാധിക്കാനുമാണ് വിളി. ഇതിൽ അത്ഭുതമില്ല, ഈ "ലഭിച്ച സത്യത്തിന്റെ" മറ്റു വശങ്ങൾ - അതായത് നിത്യസുവിശേഷം, സാക്ഷികളാകാനുള്ള വിളി, ന്യായവിധി - ഇവയെല്ലാം അർത്ഥമാക്കുന്നത്, ദൈവം നമ്മുടെ സൃഷ്ടാവാണ് എന്നല്ലാതെ മറ്റെന്താണ്? ഇതും മറ്റെല്ലാ സത്യങ്ങളും ഉത്ഭവിക്കുന്നത് സർവ്വവും സൃഷ്ടിച്ചത് കർത്താവാണ് എന്ന അടിസ്ഥാന സത്യത്തിൽ നിന്നാണ്. ദൈവത്തെ സൃഷ്ടാവായി ആരാധിക്കുമ്പോൾ നമ്മൾ അടിവേരുകളിലേക്കിറങ്ങുന്നു. മനുഷ്യൻ ആയിരിക്കുക, ജീവനോടിരിക്കുക, മറ്റേതൊരു ജീവിയെക്കാളും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവൻ ആയിരിക്കുക, എന്നിവയുടെയെല്ലാം അടിസ്ഥാനശിലകളിലേക്ക് ചെല്ലുകയാണ് നാം. ദൈവത്തെ സൃഷ്ടാവായി ആരാധിക്കുമ്പോൾ, നിലനിൽപിനും ഭാവിക്കുമായി, നമുക്കവനോടുള്ള വിധേയത്വം പ്രഖ്യാപിക്കുകയാണ്. ഇതുകൊണ്ടാണ് ഏഴാം ദിന ശബ്ബത്ത് അനുസരിക്കുന്നത് അതിപ്രധാനമാകുന്നത്. ദൈവം മാത്രമാണ് നമ്മുടെ സൃഷ്ടാവെന്നത് ഒരു സവിശേഷ അംഗീകാരമാണ്. നമ്മൾ ആ ദൈവത്തെ മാത്രമേ ആരാധിക്കൂ. അതായത്, സുവിശേഷം, ന്യായവിധി, ആരാധിപ്പാനുള്ള വിളി എന്നിവയോടൊപ്പം ദൈവത്തെ സൃഷ്ടാവായി ആരാധിപ്പാനുള്ള വിളിക്ക് ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നു.

**വെളിപ്പാട് 14:8-11 വായിക്കുക. ദൈവത്തെ സൃഷ്ടാവായി ആരാധിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ വാകൃങ്ങൾ എന്തു പഠിപ്പിക്കുന്നു?**

അന്ത്യകാല സംഭവങ്ങൾ തിരശ്ശീല നീക്കുമ്പോൾ, സൃഷ്ടാവിനെക്കാളുപരി മൃഗത്തെയും അതിന്റെ ബിംബത്തെയും ആരാധിപ്പാനുള്ള സമ്മർദ്ദം സർവ്വ ലോകത്തിൻമേലും വരും. മൃഗത്തെയും അതിന്റെ ബിംബത്തെയും ആരാധിക്കുന്നവർക്ക് വരുവാനിരിക്കുന്ന വിധി ഓർത്താൽ, സൃഷ്ടാവായ ദൈവത്തെ ആരാധിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുവാനും മനുഷ്യാരാധനയ്ക്ക് യോഗ്യനായ ഏകൻ അവനാണെന്നും കുറെക്കൂടെ ആഴത്തിൽ ഉൾക്കൊള്ളാനും കഴിയും. അവസാന നാഴികയിൽ ഈ സത്യം മുമ്പെന്നത്തേക്കാളുമേറെ നിർണ്ണായകമാകും.

**സൃഷ്ടിക്കപ്പെട്ട ലോകത്തിന്റെ അവിശ്വസനീയമായ അതൃത്ഭുതങ്ങളെക്കുറിച്ച് അൽപസമയം ചിന്തിക്കുക. ഇവയെല്ലാം സൃഷ്ടിച്ചവനെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു? എന്ത് പഠിക്കാനാകും? എന്തുകൊണ്ട് ആരാധനയ്ക്കു യോഗൃൻ അവൻ മാത്രമാകുന്നു?**

**വെള്ളി** **മെയ് 25**

**കൂടുതൽ പഠനം:** സുവിശേഷ വിദ്യാർത്ഥികൾ വെളിപ്പാട് 14:7-ഉം പുറപ്പാടിലെ നാലാം കൽപനയും തമ്മിലുള്ള ബന്ധം വളരെ പണ്ടേ കണ്ടെത്തിയിട്ടുണ്ട്. "ആകാശവും ഭൂമിയും നീറുറവകളും ഉണ്ടാക്കിയവനെ നമസ്ക്കരിക്കുവിൻ" എന്ന് വെളിപ്പാടിൽ പറയുമ്പോൾ, പുറപ്പാട് 20:11-ൽ ശബ്ബത്ത് ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു, "ആറു ദിവസം കൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി". ഈ ഭാഷകൾ എത്രമാത്രം സാമ്യമുള്ളതെങ്കിലും വെളിപ്പാടിൽ കർത്താവ് "സമുദ്രത്തിലെ നീരുറവകളെയും" സൃഷ്ടിച്ചുവെന്ന് പറയുമ്പോൾ അവിടെ മാറ്റമുണ്ട്.

എഴുത്തുകാരൻ ജോൺ ബാൽഡ്‌വിൻ തർക്കിക്കുന്നു: "സമുദ്രത്തിലെ നീരുറവകൾ' എന്ന വാക്കിന് ഒരു ദൈവീക പരിവേഷം കൽപിച്ചാൽ, ഇതേ കാര്യങ്ങൾ വിവരിക്കുന്ന പുറപ്പാട് 20:11-ൽ യേശുക്രിസ്തു ദൂതനെക്കൊണ്ട് എന്തുകൊണ്ട് ഇങ്ങനെതന്നെ പറയിച്ചില്ല? സൃഷ്ടിക്കപ്പെട്ട മരങ്ങൾ, പക്ഷികൾ, മീനുകൾ, പർവ്വതങ്ങൾ ഇവയെക്കുറിച്ചൊന്നും പറയാതെ 'സമുദ്രത്തിലെ നീരുറവകളെ' കുറിച്ചു ദൂതൻ എന്തുകൊണ്ട് മാത്രം പറയുന്നു?

"ഒരുപക്ഷെ, ദൈവീക ന്യായവിധിയുടെ വിളംബരത്തിന്റെ പശ്ചാത്തലത്തിൽ 'സമുദ്രത്തിലെ നീരുറവകളെ' കുറിച്ചുള്ള സൂചന വന്നത്, മുൻകാല ദൈവീക ന്യായവിധിയിലേക്ക് വായനക്കാരന്റെ ശ്രദ്ധ ക്ഷണിക്കാനാകും....

'സമുദ്രത്തിലെ നീരുറവ' എന്ന വാക്ക് വരാനിരുന്ന ജലപ്രളയത്തെക്കുറിച്ച് ദൈവം പരോക്ഷമായ സൂചന നൽകിയതാവാം. താൻ ന്യായവിധിയുടെയും എന്നേക്കും നിലനിൽക്കുന്ന വിശ്വസ്തതയുടെയും കൃപയുടെയും ദൈവമാണെന്നും അടിവരയിട്ടതാവും. (രണ്ടും ഉൽപത്തിയിലെ ജലപ്രളയ വിവരണത്തിൽ വ്യക്തമായതാണ്). അങ്ങനെയെങ്കിൽ, 'സമുദ്രത്തിലെ നീരുറവ' എന്ന വാക്കിലൂടെ ജലപ്രളയത്തിന്റെ ചില സൂചനകൾ ലക്ഷ്യമിടുന്നു. വ്യക്തിപരവും ആത്മീയവുമായ അർത്ഥത്തിൽ, വെളിപ്പാട് 14-ൽ ആദ്യദൂതൻ പ്രഖ്യാപിച്ച, അന്ത്യകാലത്തെ വ്യക്തിപരമായ ദൈവീക ന്യായവിധിയെ നേരിടുവാൻ വായനക്കാരനെ പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കും അത്." – *ജോൺ ബാൽഡ്വിൻ, 'ക്രിയേഷൻ, കറ്റസ്ട്രോഫി ആൻഡ് കാൽവരി: വൈ എ ഗ്ലോബൽ ഫ്ളഡ് ഈസ് വൈറ്റൽ റ്റു ദി ഡോക്ട്രൈൻ ഓഫ് അറ്റോൺമെന്റ് (ഹാഗേഴ്സ്ടൗൺ, മെരിലാൻഡ്: റിവ്യൂ ആൻഡ് ഹെറാൾഡ് പബ്ലിഷിംഗ് അസോസിയേഷൻ, 2000), പേജ്27.*

**ചർച്ച:**

1. **യെശയ്യാവ് 53:6 പറയുന്നു: "നാമെല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരിക്കുന്നു". "നാമെല്ലാവരും" എന്നതിന്റെ എബ്രായ പദം *കുല്ലാനു* എന്നാണ്. അതേ വാക്യത്തിൽ യെശയ്യാവു പറയുന്നു, എന്നാൽ യഹോവ "നമ്മുടെയെല്ലാവരുടെയും അകൃത്യം" അവന്റെമേൽ ചുമത്തി. ഇവിടെയും "എല്ലാവരുടെയും" എന്നതിന്റെ പദം *കുല്ലാനു* തന്നെയാണ്. പാപം എന്ന പ്രശ്നം എത്രമാത്രം വലുതെങ്കിലും അതിനുള്ള പരിഹാരം ആവശ്യത്തിലധികം മതിയായതെന്ന് എങ്ങനെ മനസ്സിലാക്കിത്തരുന്നു?**
2. **ക്രൂശിലെ കള്ളനിൽ നിന്ന് മറ്റെന്തെല്ലാം പാഠങ്ങൾ പഠിക്കാം? ഒരു പക്ഷേ കള്ളന് മാപ്പു കിട്ടി, കുരിശിൽ നിന്ന് മോചിപ്പിച്ച് ജീവിച്ചിരുന്നെങ്കിൽ എത്തരമൊരു ജീവിതമായിരുന്നിരിക്കും അവന്റേത്? നമ്മുടെയൊക്കെ ജീവിതങ്ങളെ മാറ്റാനുള്ള യേശുവിന്റെ ശക്തിയെക്കുറിച്ച് ആ ഉത്തരം എന്തു പറയുന്നു?**

****